ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15.09.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് കൊൽക്കത്തയിൽ സംയുക്ത സൈനിക കമാൻഡർമാരുടെ സമ്മേളനം ഉദ്ഘാടനം ചെയ്യും. ബീഹാറിൽ വിവിധ വികസന പദ്ധതികൾക്കും തുടക്കം കുറിയ്ക്കും.

   **Prime Minister Narendra Modi will inaugurate the Combined Commanders Conference in Kolkata today. He will also launch various development projects in Bihar.**

2. കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇന്ന് ന്യൂഡൽഹിയിൽ നടക്കുന്ന ദേശീയ കാർഷിക സമ്മേളനം -റാബി അഭിയാൻ 2025-ൽ പങ്കെടുക്കും.

   **Union Agriculture Minister Shivraj Singh Chouhan will participate in the National Agriculture Conference - Rabi Abhiyan 2025 to be held in New Delhi today.**

3. പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിന് ഇന്ന് തുടക്കം.

   **The 14th session of the 15th Kerala Legislative Assembly begins today.**

4. പ്രതിരോധ മേഖലയിലെ നവീകരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രതിരോധ സംഭരണ മാർഗരേഖയ്ക്ക് അംഗീകാരം നല്കി കേന്ദ്ര സർക്കാർ.

**The Centre has approved the Defence Procurement Manual to promote innovation in the defence sector.**

5. **ഏഷ്യാ കപ്പ് ക്രിക്കറ്റിൽ പാകിസ്ഥാനെതിരെ ഇന്ത്യക്ക് ഏഴ് വിക്കറ്റ് ജയം.**

**India won by seven wickets against Pakistan in the Asia Cup cricket.**

*****************************

## REV. PM-KOLKATA VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് കൊൽക്കത്തയിൽ കംബൈൻഡ് കമാൻഡേഴ്സ് കോൺഫറൻസ് ഉദ്ഘാടനം ചെയ്യും. കൊൽക്കത്തയിലെ ഇന്ത്യൻ ആർമിയുടെ ഈസ്റ്റേൺ കമാൻഡ് ആസ്ഥാനമായ വിജയ് ദുർഗിൽ നടക്കുന്ന മൂന്നു ദിവസത്തെ കോൺഫറൻസിൽ സാങ്കേതിക പുരോഗതി, സായുധ സേനയുടെ മൂന്ന് ശാഖകൾക്കിടയിലുള്ള ഏകോപനം, ആധുനികവൽക്കരണം, എന്നിവ ചർച്ച ചെയ്യും.

*****************************

## RAJNATH- KOLKATA VISIT

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗിന്റെ രണ്ട് ദിവസത്തെ കൊൽക്കത്ത സന്ദർശനം ഇന്ന് മുതൽ. പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്യുന്ന സംയുക്ത കമാൻഡർമാരുടെ സമ്മേളനത്തിൽ അദ്ദേഹം പങ്കെടുക്കും. പരിഷ്കരണം, പരിവർത്തനം, പ്രവർത്തന സന്നദ്ധത എന്നിവയിലായിരിക്കും ഈ വർഷത്തെ സംയുക്ത കമാൻഡർമാരുടെ സമ്മേളനം ശ്രദ്ധ കേന്ദ്രീകരിക്കുകയെന്ന് രാജ്യരക്ഷാമന്ത്രി പറഞ്ഞു.

*****************************

## PM BIHAR

ബിഹാറിലെ പൂർണിയ ജില്ലയിൽ 36,000 കോടി രൂപയുടെ നിരവധി വികസന പദ്ധതികൾക്കും പ്രധാനമന്ത്രി ഇന്ന് തുടക്കം കുറിക്കും. വടക്കൻ ബീഹാറിൽ പുതുതായി വികസിപ്പിച്ച വിമാനത്താവള ടെർമിനലും സംസ്ഥാനത്തെ കർഷകർക്ക് പ്രയോജനം നൽകുന്ന ദേശീയ മഖാന ബോർഡിന്റെ ഉദ്ഘാടനവും അദ്ദേഹം നിർവ്വഹിക്കും.

*****************************

## SEVA PARV .. (INTRO)

പൊതുസേവനവും സദ്ഭരണവും ലക്ഷ്യംവച്ചുള്ള പരിശ്രമമാണ് കഴിഞ്ഞ 11 വർഷമായി നടത്തിവരുന്നതെന്ന് കേന്ദ്ര സർക്കാർ. ഈ പരിശ്രമങ്ങളുടെ ഭാഗമായി രാജ്യം മികച്ച പുരോഗതിയാണ് കൈവരിച്ചത്. സ്വച്ഛ് ഭാരത് പദ്ധതിയിലൂടെ രാജ്യത്തെ ജനങ്ങളുടെ ജീവിതത്തിലുണ്ടായ മാറ്റങ്ങളാണ് ഇന്നത്തെ സേവാ പർവിലൂടെ വിശദമാക്കുന്നത്.

(ഹോൾഡ്) (മ്യൂസിക്)

11 വർഷം മുമ്പ് ആരംഭിച്ച സ്വച്ഛ് ഭാരത് പദ്ധതിയിലൂടെ ശുചിത്വ മേഖലയിൽ പുതിയ വിപ്ലവമാണ് കേന്ദ്രസർക്കാർ സൃഷ്ടിച്ചത്. പദ്ധതിയിലൂടെ രാജ്യത്തുടനീളം 12 കോടിയിലധികം വീടുകളിൽ ശൗചാലയം ഉറപ്പാക്കി. വെളിയിട വിസർജനം പൂർണമായി നിർത്തലാക്കാനും ഇതിലൂടെ സാധിച്ചു. 2026 ഓടെ മാലിന്യമുക്ത നഗരങ്ങൾ വികസിപ്പിക്കാനും പദ്ധതി ലക്ഷ്യമിടുന്നു.

(പി.എം.- വോയ്സ്)

*****************************

## AGRICULTURE-CONFERENCE

കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇന്ന് ന്യൂഡൽഹിയിൽ നടക്കുന്ന ദേശീയ കാർഷിക സമ്മേളനം - റാബി അഭിയാൻ 2025-ൽ അധ്യക്ഷത വഹിക്കും. റാബി കർഷകർക്ക് നേട്ടം, ഉൽപ്പാദന ലക്ഷ്യങ്ങൾ നിശ്ചയിക്കൽ, സുസ്ഥിര കാർഷിക സമ്പ്രദായം പ്രോത്സാഹിപ്പിക്കൽ, തുടങ്ങിയവ ദ്വിദിന സമ്മേളനം ചർച്ചചെയ്യും. രാജ്യത്തുടനീളമുള്ള കാർഷിക വിദഗ്ധർ, ശാസ്ത്രജ്ഞർ, തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുക്കും.

*****************************

## FINANCE MINISTER - CHENNAI

ദീപാവലി, ദുർഗ്ഗാ പൂജ, നവരാത്രി തുടങ്ങിയ ഉത്സവ കാലങ്ങൾക്ക് മുമ്പ് ജി.എസ്.ടി 2.0 അവതരിപ്പിച്ചത് എല്ലാ ഇന്ത്യക്കാർക്കും ഗുണം ചെയ്യുമെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. 99 ശതമാനം സാധനങ്ങളുടെയും ജി.എസ്.ടി 12 ൽ നിന്ന് 5 ശതമാനമായി കുറച്ചതായി ചെന്നൈയിൽ നടന്ന വ്യാപാര വ്യവസായ അസോസിയേഷന്റെ സംയുക്ത സമ്മേളനത്തിൽ ധനമന്ത്രി പറഞ്ഞു.

*****************************

## GOYAL-MEDIA CONCLAVE (INTRO)

2047ഓടെ ഇന്ത്യ, മുപ്പത് ട്രില്യൺ ഡോളർ സമ്പദ്‌വ്യവസ്ഥയുള്ള രാജ്യമായി മാറുമെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ. ന്യൂഡൽഹിയിൽ നടന്ന മാധ്യമ കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു ശ്രീ ഗോയൽ . അടുത്ത തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ ബുദ്ധിമുട്ട് കുറയ്ക്കുകയും നികുതി സമ്പ്രദായം ലളിതമാക്കുകയും ചെയ്യുവെന്നു കേന്ദ്രമന്ത്രി പറഞ്ഞു. സൂക്ഷ്മ, ചെറുകിട, ഇടത്തരം

സംരംഭങ്ങളെ പിന്തുണയ്ക്കാനുള്ള സർക്കാരിന്റെ ശ്രമവും മന്ത്രി എടുത്തുപറഞ്ഞു.

(വോയ്സ്)

*****************************

## GST- SPECTACLES

12 ശതമാനം നികുതി ചുമത്തിയിരുന്ന കണ്ണടകൾക്കും ലെൻസുകൾക്കും പുതുതലമുറ ജിഎസ്ടി പരിഷ്കാരങ്ങളിലൂടെ നികുതി 5 ശതമാനമായി കുറഞ്ഞു. കാഴ്ച പരിമിതി നേരിടുന്ന വിദ്യാർത്ഥികൾ, പ്രായമായവർ, താഴ്ന്ന വരുമാനമുള്ളവർ എന്നിവർക്ക് ഇത് ആശ്വാസകരമായി. ഈ പരിഷ്കാരങ്ങൾ രാജ്യത്തിന്റെ ആരോഗ്യ സംരക്ഷണ സംവിധാനത്തെയാകെ ശക്തിപ്പെടുത്തുമെന്നാണ് വിലയിരുത്തൽ.

*****************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

*****************************

## DEFENCE PROCURMENT MANUAL

പ്രതിരോധ സേനക്ക് ആവശ്യമായ ഉപകരണങ്ങളും സാധനങ്ങളും വാങ്ങുന്നതിനുള്ള പ്രതിരോധ സംഭരണ മാനുവലിന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് അംഗീകാരം നല്കി. സായുധ സേനയുടെ നവീകരണം പ്രോത്സാഹിപ്പിക്കുന്നതിനും ആഭ്യന്തര വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും പുതുക്കിയ മാർഗ്ഗരേഖ നടപ്പിലാക്കുന്നതെന്ന് പ്രതിരോധ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

*****************************

## NIYAMASABHA.. (INTRO)

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിന് ഇന്ന് തുടക്കമാകും. ഒക്ടോബർ 10 വരെ ആകെ 12 ദിവസമായിരിക്കും സഭ ചേരുക. സമ്മേളനത്തിന്റെ ആദ്യ ദിനമായ ഇന്ന് മുൻ മുഖ്യമന്ത്രി വി. എസ്. അച്ചുതാനന്ദൻ, മുൻ സ്പീക്കർ പി. പി. തങ്കച്ചൻ, നിയമസഭാംഗം വാഴൂർ സോമൻ എന്നിവർക്ക് ആദരാഞ്ജലി അർപ്പിച്ച് സഭ ഇന്നത്തേയ്ക്ക് പിരിയും.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്..........**

(വോയ്സ്)

*****************************

## INCOME TAX RETURN

2024–25 സാമ്പത്തിക വർഷത്തിലെ ആദായ നികുതി റിട്ടേണുകൾ സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. വൈകിയുള്ള നികുതി സമർപ്പണത്തിന് പിഴയും പലിശയും ഈടാക്കും.

*****************************

## PM-HOCKEY TEAM

2025 ലെ വനിതാ ഏഷ്യാ കപ്പിൽ വെള്ളി മെഡൽ നേടിയ ഇന്ത്യൻ വനിതാ ഹോക്കി ടീമിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. വനിതാ ഹോക്കി ടീമിന്റെ ദൃഢനിശ്ചയവും ടീം സ്പിരിറ്റും അസാധാരണമാണെന്നും അവർ രാജ്യത്തിന് അഭിമാനം നൽകിയെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു .

*****************************

## ASIA CUP.. (INTRO)

ഏഷ്യാ കപ്പ് ഗ്രൂപ്പ് എ മത്സരത്തിൽ പാകിസ്ഥാനെതിരെ ഇന്ത്യക്ക് ജയം. ഇന്നലെ ദുബായിൽ നടന്ന മത്സരത്തിൽ പാകിസ്ഥാനെ ഏഴ് വിക്കറ്റിന് ഇന്ത്യ പരാജയപ്പെടുത്തി .ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത പാകിസ്ഥാൻ 19.3 ഓവറിൽ 126 റൺസിന് എല്ലാവരും പുറത്തായി.മറുപടി ബാറ്റിംഗിനിറങ്ങിയ ഇന്ത്യ 25 പന്തുകൾ ബാക്കി നിൽക്കെ ലക്ഷ്യം നേടി. ഇന്ത്യക്കു വേണ്ടി ഓപ്പണർ അഭിഷേക് ശർമ്മ 13 പന്തിൽ 31 റൺസും ക്യാപ്റ്റൻ സൂര്യകുമാർ യാദവ് 47 റൺസും നേടി. നാളെ നടക്കുന്ന മത്സരത്തിൽ ഇന്ത്യ ഹോങ്കോങ്ങിനെ നേരിടും. ഈ വിജയം രാജ്യത്തെ ഇന്ത്യൻ സായുധ സേനയ്ക്ക് സമർപ്പിക്കുന്നുവെന്നു മത്സരശേഷം ക്യാപ്റ്റൻ സൂര്യകുമാർ യാദവ് പറഞ്ഞു.

(വോയ്സ്)

******************************

## IEC – MEETING

ഇന്നുമുതൽ ഈ മാസം 19 വരെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന ഇന്റർനാഷണൽ ഇലക്ട്രോ ടെക്നിക്കൽ കമ്മീഷന്റെ 89-ാമത് പൊതുയോഗത്തിന് ഇന്ത്യ ആതിഥേയത്വം വഹിക്കും. നൂറിലധികം രാജ്യങ്ങളിൽ നിന്നുള്ള രണ്ടായിരത്തിലധികം വിദഗ്ധർ പങ്കെടുക്കുന്ന ഈ സമ്മേളനത്തിൽ സുസ്ഥിര ലോകത്തെ രൂപപ്പെടുത്താൻ സഹായിക്കുന്ന അന്താരാഷ്ട്ര ഇലക്ട്രോ ടെക്നിക്കൽ മാനദണ്ഡങ്ങളെക്കുറിച്ച് ചർച്ച ചെയ്യും. കേന്ദ്ര മന്ത്രി പ്രൾഹാദ് ജോഷി ചടങ്ങ് ഉദ്ഘാടനം ചെയ്യും .

******************************

## FIDE GRAND SWISS

ഉസ്ബെക്കിസ്ഥാനിൽ നടക്കുന്ന FIDE ഗ്രാൻഡ് സ്വിസ്സ് പത്താം റൗണ്ടിൽ ഇന്ത്യയുടെ ആർ. വൈശാലി മുൻ ലോക ചാമ്പ്യൻ ഉക്രെയ്നിന്റെ മരിയ മുസിചുക്കിനെ പരാജയപ്പെടുത്തി . ഓപ്പൺ വിഭാഗത്തിലെ മത്സരങ്ങളിൽ , ഇന്ത്യൻ താരങ്ങളായ അർജുൻ എറിഗൈസി ചൈനീസ് താരത്തോടും , നിഹാൽ സരിൻ ഉസ്ബെക്കിസ്ഥാൻ താരത്തോടും സമനിലയിൽ പിരിഞ്ഞു.

*****************************

## BOXING

ലിവർപൂളിൽ നടക്കുന്ന ലോക ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ വനിതകളുടെ 48 കിലോ വിഭാഗത്തിൽ ഇന്ത്യയുടെ മീനാക്ഷി ഹൂഡയ്ക്ക് സ്വർണ്ണം. കസാഖിസ്ഥാൻ താരം നസിം കസായിബേയെയാണ് മീ നാക്ഷി തോൽപ്പിച്ചത്. ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ രണ്ടാം സ്വർണ്ണമാണിത്.

*****************************

## INTERNATIONAL WORLD CONGRESS

18-ാമത് ഇൻക്ലൂഷൻ ലോകസമ്മേളനത്തിന് ഇന്ന് ദുബായിയിൽ തുടക്കമാകും. ഭിന്നശേഷിക്കാരുടെ അവകാശങ്ങളെക്കുറിച്ചുള്ള യു.എൻ കൺവൻഷൻ പോലുള്ള ആഗോള നേട്ടങ്ങൾ സമ്മേളനം ചർച്ച ചെയ്യും. ഷാർജ എക്സ്പോ സെന്ററിലാണ് മൂന്ന് ദിവസത്തെ പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. 74 രാജ്യങ്ങളിൽ നിന്നുള്ള 850 ലേറെ പ്രതിനിധികൾ പങ്കെടുക്കും.

*****************************

## PLI-PORTAL REOPENING

എയർകണ്ടീഷണറുകൾ, എൽ ഇ ഡികൾ എന്നിവ ഉൾപ്പെടെയുള്ളവയുടെ ഉത്പാദനത്തിന് ആനുകൂല്യ അധിഷ്ഠിത ഉത്പാദന പദ്ധതിയിലേക്കുള്ള അപേക്ഷ സമർപ്പിക്കാനുള്ള പോർട്ടൽ ഇന്ന് മുതൽ വീണ്ടും തുറന്നു നൽകും. കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ഈ പോർട്ടൽ 30 ദിവസത്തേക്കാണ് തുറക്കുന്നത്. അടുത്തമാസം 14 വരെ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

*******************************

## SC - WAQF ORDER

കോടതികൾ മുഖേനയോ ഉപയോഗത്തിലൂടെയോ വഖഫ് ആക്കപ്പെട്ട സ്വത്തുക്കൾ പിന്നീട് വഖഫ് അല്ല എന്നു പ്രഖ്യാപിക്കാൻ സർക്കാരുകൾക്ക് അധികാരമുണ്ടോ എന്ന വിഷയത്തിൽ സുപ്രീം കോടതി ഇന്ന് ഇടക്കാല ഉത്തരവ് പ്രഖ്യാപിക്കും. 2025 ലെ വഖഫ് ഭേദഗതി നിയമത്തിന്റെ സാധുത ചോദ്യം ചെയ്യുന്ന ഹർജികളിൽ വാദം കേട്ട ശേഷം മെയ് 22 ന് ചീഫ് ജസ്റ്റിസ് ബി.ആർ.ഗവായ്, ജസ്റ്റിസ് അഗസ്റ്റിൻ ജോർജ്ജ് മാസിഹ് എന്നിവർ ഉൾപ്പെട്ട ബെഞ്ച് ഉത്തരവ് പുറപ്പെടുവിക്കൽ മാറ്റിവച്ചിരുന്നു.

***************************************************************

*******************************